# മഹാത്മാഗാന്ധി സർവകലാശാല

(സംഗ്രഹം)

സർവകലാശാല തലത്തിലുള്ള ബജറ്റ് ഇംപ്ലിമെന്റേഷൻസമിതിയും വർക്കിംഗ് ഗ്രൂപ്പ് സംഘടിപ്പിക്കുന്നത് സംബന്ധിച്ച് 07.04.2017-ാം തീയതിയിൽ കൂടിയ സിൻഡിക്കേറ്റ് യോഗത്തിന്റെ മിനിറ്റ്സ് ഇനം നം. ഒ.എ. 2/17.04 പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ആസൂത്രണവും വികസനവും III – സെക്ഷൻ**

**യു.ഒ.നം. 3437/പി & ഡി-3/2/2017/ ഭരണവിഭാഗം** **തീയതി. പി.ഡി.ഹിൽസ് – 07.06.2017**

**പരാമർശം:** 07.04.2017-ാം തീയതിയിൽ കൂടിയ സിൻഡിക്കേറ്റ് യോഗത്തിന്റെ മിനിറ്റ്സ് ഇനം നം. ഒ.എ. 2/17.04.

## ഉത്തരവ്

പരാമർശം പ്രകാരം ബജറ്റ് നിർദ്ദേശങ്ങൾ സമയബന്ധിതമായി നടപ്പിലാക്കുന്നുണ്ടെന്നു ഉറപ്പു വരുത്തുന്നതിനായി താഴെപ്പറയും പ്രകാരമുള്ള സർവകലാശാല തലത്തിലുള്ള ഒരു ബജറ്റ് മോണിട്ടറിംഗ് കമ്മിറ്റിയും പദ്ധതികളുടെ സമയബന്ധിതമായ നടത്തിപ്പിനും അനുമതി നൽകൽ വേഗത്തിലാക്കുന്നതിനുമായി സർവകലാശാല തലത്തിലുള്ള വർക്കിംഗ് ഗ്രൂപ്പും രൂപീകരിക്കുവാൻ തീരുമാനിച്ചു.

**ബജറ്റ് മോണിട്ടറിംഗ് കമ്മിറ്റി**

വൈസ് ചാൻസലർ(ചെയർമാൻ)
സ്റ്റാഫ് കമ്മിറ്റി കൺവീനർ
ഫിനാൻസ് കമ്മിറ്റി കൺവീനർ
പ്ലാനിംഗ് ആൻഡ് ഡെവലപ്‌മെന്റ് കമ്മിറ്റി കൺവീനർ
രജിസ്ട്രാർ
ഫിനാൻസ് ഓഫീസർ
ജോയിന്റ് രജിസ്ട്രാർ-1 (ഭരണവിഭാഗം)

**വർക്കിംഗ് ഗ്രൂപ്പ്**

വൈസ് ചാൻസലർ (ചെയർമാൻ)
സ്റ്റാഫ് കമ്മിറ്റി കൺവീനർ
ഫിനാൻസ് കമ്മിറ്റി കൺവീനർ
പ്ലാനിംഗ് ആൻഡ് ഡെവലപ്‌മെന്റ് കമ്മിറ്റി കൺവീനർ
രജിസ്ട്രാർ

കൂടാതെ താഴെപ്പറയുന്ന കാര്യങ്ങൾക്ക് അനുമതി നൽകുവാനും തീരുമാനിച്ചു.

സർവകലാശാല ബജറ്റിലുള്ള 5 ലക്ഷത്തിൽ കൂടുതലും 5 കോടി തുക വരെയുമുള്ള പദ്ധതികൾ വർക്കിംഗ് ഗ്രൂപ്പിന്റെ പരിഗണനയ്ക്കു സമർപ്പിക്കേണ്ടതും വർക്കിംഗ് ഗ്രൂപ്പിന്റെ അനുമതിയോടെ മാത്രം നടപ്പിൽ വരുത്തേണ്ടതുമാണ്. വർക്കിംഗ് ഗ്രൂപ്പ് എല്ലാ മാസ ത്തിലെയും മൂന്നാമത്തെ ബുധനാഴ്ച കൂടുന്നതും വർക്കിംഗ് ഗ്രൂപ്പ് യോഗത്തിനു പത്ത് ദിവസം മുൻപ് വർക്കിംഗ് ഗ്രൂപ്പിന്റെ പരിഗണനയ്ക്കു വരേണ്ട പദ്ധതികൾ സമർപ്പിക്കേണ്ടതുമാ ണ്. വർക്കിംഗ് ഗ്രൂപ്പിന്റെ അനുമതിയും തുടർന്നുള്ള ഭരണാനുമതിയും സംസ്ഥാന സർക്കാ രിന്റെ 'പ്ലാൻ സ്പെയ്സിന്റെ' മാതൃകയിലുള്ള സോഫ്റ്റ്‌വെയറിൽ കൂടി വർക്കിംഗ് ഗ്രൂപ്പ്

(മറുപുറം...)

അംഗങ്ങൾക്ക് പദ്ധതി നിർവ്വഹണ നിരീക്ഷണത്തിനായി ലഭ്യമാക്കണം. മേൽ പറഞ്ഞ കാര്യങ്ങൾക്കായി സിൻഡിക്കേറ്റിന്റെ അധികാരം 'ഡെലിഗേറ്റ്' ചെയ്തു നൽകാനും തീരുമാനിച്ചു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്

മോഹനൻ.കെ

ഡെപ്യൂട്ടിരജിസ്ട്രാർ (പി & ഡി)

രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്:

1. വി.സി/പി.വി.സി എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
2. രജിസ്ട്രാർ/ഫിനാൻസ് ഓഫീസർ/പരീക്ഷാ കൺട്രോളർ എന്നിവരുടെ പേഴ്സനൽ അസിസ്റ്റന്റുമാർ
3. സ്റ്റാഫ് കമ്മിറ്റി കൺവീനർ
4. ഫിനാൻസ് കമ്മിറ്റി കൺവീനർ
5. പ്ലാനിംഗ് ആൻഡ് ഡെവലപ്മെന്റ് കമ്മിറ്റി കൺവീനർ
6. ജോയിന്റ് രജിസ്ട്രാർ 1 (ഭരണവിഭാഗം)/ജോയിന്റ് രജിസ്ട്രാർ (ഫിനാൻസ്)
7. എല്ലാ വകുപ്പു തലവൻമാർക്കും
8. സർവകലാശാല എഞ്ചിനീയർ
9. ഫിനാൻസ് I,IV/ഓഡിറ്റ് V
10. ജോയിന്റ് ഡയറക്ടർ, എൽ.എഫ്.എ/അക്കൗണ്ട്സ് V
11. പി & ഡി-1 സെക്ഷൻ/പി & ഡി-2 സെക്ഷൻ
12. എ.സി.സി സെക്ഷൻ, എ.ഡി.ഡി സെക്ഷൻ
13. റെക്കോർഡ്സ് സെക്ഷൻ/ജനറൽ കാഷ്
14. സി.എം.സ്
15. എസ്.എഫ്/എഫ്.സി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

ഫയൽ നം: പി & ഡി-3/2/761/2017/ഭരണവിഭാഗം